## റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി

298 (1383) ശ്രീ. മോന്സ് ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി.പി. സജീന്ദ്രൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന കാര്യങ്ങൾക്ക് മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്പനി വഴി നിറവേറ്റാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനത്തിന് ഇതുവരെയായിട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മണ്ഡലങ്ങളുടെയും പ്രധാന ജില്ലാ റോഡുകളുടെയും സമഗ്രവികസനത്തിനായി ഭൂമി കൊടുത്ത സംസ്ഥാന റോഡ് നിക്ഷേപ പദ്ധതി (SRIP) നടപ്പാക്കുന്നതിനായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആണ് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd)

(ബി) തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ ഭാവിയെ നിലവാരത്തിൽ പുനർ നിർമ്മിക്കുന്നതിന് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, പാലങ്ങൾ കൾവർട്ടുകൾ, ഓടകൾ, സംരക്ഷണ ഭിത്തികൾ, നടപ്പാതകൾ എന്നിവ പണിയുക, റോഡ് സുരക്ഷാ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക, ബസ് ഷെൽട്ടറുകൾ, തെരുവുവിളക്കുകൾ എന്നിവ സ്ഥാപിക്കുക, ഇതിനാവശ്യമായ ഫണ്ട് സർക്കാരിൽ നിന്നോ മറ്റ് ധനകാര്യ ഏജൻസികളിൽ നിന്നോ സ്വരൂപിക്കുക തുടങ്ങിയവയാണ് പ്രധാന കാര്യങ്ങൾ.

(സി) ഈ പ്രോജക്ട് റിഹാബിലിറ്റേഷൻ, അറ്റകുറ്റപ്പണികൾ എന്നിവ രണ്ട് പാക്കേജുകളായി നടപ്പിൽ വരുത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കൽ ആവശ്യമില്ലാത്ത റീഹാബിലിറ്റേഷൻ പാക്കേജിൽപ്പെട്ട 108.2 കി.മീ. റോഡുകൾ ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ വികസിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടറുകൾ ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly